12471
24/7/19

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - 01.04.2013 ന് മുൻപ് നേരിട്ട് ലീഗൽ അസിസ്റ്റന്റായി നിയമ വകുപ്പിൽ പ്രവേശിച്ചവരുടെ ബാർ പ്രാക്ടീസ് കാലയളവ് പെൻഷനാനുകൂല്യങ്ങൾക്ക് യോഗ്യ സേവന കാലയളവായി കണക്കാക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ(അച്ചടി) നം.85/2019/ധന** **തിരുവനന്തപുരം, തീയതി 15.07.2019**

---

പരാമർശം - 15.06.2009-ലെ സ.ഉ.(കൈ) നം.70/2009/നിയമം.

**<u>ഉത്തരവ്</u>**

1958-ലെ കേരള സെക്രട്ടറിയേറ്റ് സബോർഡിനേറ്റ് സർവീസ് ചട്ട പ്രകാരം ഗവ. സെക്രട്ടേറിയേറ്റിലെ നിയമ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനത്തിന് നിയമ ബിരുദം, അഭിഭാഷകനായി എൻറോൾ ചെയ്തിരിക്കണം എന്നിവയാണ് യോഗ്യത എന്നിരിക്കെ ധന വകുപ്പിന്റെ അംഗീകാരമില്ലാതെ പരാമർശ പ്രകാരം 23.04.1997-ന് മുൻപ് സർവീസിൽ പ്രവേശിച്ച 25 ലീഗൽ അസ്സിസ്റ്റന്റുമാരുടെ 10 വർഷത്തെ ബാർ പ്രാക്ടീസ് പെൻഷൻ ആനുകൂല്യങ്ങൾക്കായി കണക്കാക്കി നിയമവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് നിയമ വകുപ്പിൽ നിന്നും വിരമിച്ച അഡിഷണൽ സെക്രട്ടറി ശ്രീ. ജെറാൾഡ് ഫയൽ ചെയ്ത Complaint No. 860/2010 ൽ ബഹു ലോകായുക്തയുടെ 25.03.2011 ലെ ഉത്തരവിൽ ടിയാന്റെ ബാർ പ്രാക്ടീസ് കാലാവധി കൂടി പെൻഷന് കണക്കാക്കാൻ ഉത്തരവായി. ആയതിന്മേൽ ധന വകുപ്പിന്റെ അഭിപ്രായം ആരായുകയും 01.04.2013-ന് മുൻപ് സർവീസിൽ പ്രവേശിച്ച ലീഗൽ അസിസ്റ്റന്റുമാരുടെ ബാർ പ്രാക്ടീസ് കാലാവധി കൂടി പെൻഷന് കണക്കാക്കണം എന്ന ആവശ്യം കെ എസ് ആർ പാർട്ട് III ചട്ടം 25(a) പ്രകാരമല്ലാത്തതിനാൽ നിരസിക്കുകയും പരാമർശ ഉത്തരവ് റദ്ദ് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു.

2. അഭിഭാഷകനായി രജിസ്റ്റർ ചെയ്തിരിക്കുന്നതും അഭിഭാഷകവൃത്തിയും വ്യത്യസ്ത വ്യവസ്ഥകളല്ലെന്നും രണ്ടും ഒന്നു തന്നെയാണെന്നും 1967 മുതൽ നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റായി ഉദ്യോഗത്തിൽ പ്രവേശിക്കുന്നവർക്കു ബാർ പ്രാക്ടീസും പെൻഷൻ യോഗ്യതകാലമായി കണക്കാക്കിയിരുന്നുവെന്നും, കാലങ്ങളായി നൽകി വരുന്ന ആനുകൂല്യം നിർത്തലാക്കുന്നത് ചട്ടങ്ങളുടെ ലംഘനമാണെന്നും അതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ 01.04.2013 ന് മുൻപ് സർവീസിൽ പ്രവേശിച്ചവരുടെ പരമാവധി 10 വർഷം വരെയുള്ള ബാർ പ്രാക്ടീസ് കാലാവധി പെൻഷന് കണക്കാക്കി ഉത്തരവു പുറപ്പെടുവിക്കുന്നതിന് കരട് തയ്യാറാക്കി ധനവകുപ്പിന്റെ അംഗീകരത്തിനായി നിയമ വകുപ്പ് വീണ്ടും സമർപ്പിക്കുകയുണ്ടായി.

3. കെ എസ് ആർ പാർട്ട് III ചട്ടം 25(a) പ്രകാരം സർക്കാർ സർവീസിലെ നിയമനകൾക്കു ഇരുപത്തിയഞ്ചു വയസ്സിനു ശേഷം ബാറിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്കു 8 വർഷം യോഗ്യ സേവനക്കാലമുള്ളപക്ഷം അധിവർഷ പെൻഷന്റെ യോഗ്യതയിലേക്കായി പരമാവധി പത്തു വർഷ ബാർ പ്രാക്ടീസ് കാലയളവുകൂടി പെൻഷന് പരിഗണിക്കുന്നതാണ്. ഈ ആനുകൂല്യം ബാർ

പ്രാക്ടിസിൽ ഏർപ്പെട്ടിരിക്കുമ്പോൾ നിയമ യോഗ്യതയും ബാർ പ്രാക്ടീസും ആവശ്യമുള്ള തസ്തികയിലേക്ക് തിരഞ്ഞെടുക്കപെടുന്നവർക്കു മാത്രമേ ലഭിക്കുകയുള്ളൂ. ലീഗൽ അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത എന്നത് നിയമ ബിരുദവും ബാർ എൻറോൾമെന്റുമാണ്. ടി തസ്തികക്ക് ബാർ പ്രാക്ടീസ് നിർബന്ധമല്ല. അതിനാലാണ് തസ്തിക മാറ്റം വഴി താഴ്ന്ന ശമ്പള സ്കെയിലിലെ ജീവനക്കാരിൽ നിന്നും മേൽപ്പടി യോഗ്യതയുള്ളവരെ ലീഗൽ അസിസ്റ്റന്റ് ആയി നിയമിക്കുന്നത്. എന്നാൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയ്ക്ക് നിയമ ബിരുദവും 3 വർഷത്തിൽ കുറയാത്ത ബാർ പ്രാക്ടീസും ആണ് യോഗ്യത. ഇവരെ ബാറിൽ നിന്നും നേരിട്ടാണ് നിയമിക്കുന്നത്. ഇപ്രകാരമുള്ളവർക്കു കെ എസ് ആർ പാർട്ട് III ചട്ടം 25(a) ലെ നിബന്ധനകൾക്ക് വിധേയമായി പത്തു വർഷം കവിയാത്ത ബാർ പ്രാക്ടീസ് കാലയളവ് കൂടി പെൻഷന് പരിഗണിക്കുന്നതാണ്. ആയതിനാൽ തന്നെ അനർഹരായവർക്കു ആനുകൂല്യങ്ങൾ നൽകിയാൽ അത് പെൻഷൻ ചട്ടങ്ങളുടെ പ്രസക്തി തന്നെ ഇല്ലാതാക്കും.

4. ബഹു. സുപ്രീം കോടതിയുടെ Chandigarh Administration & Anr v. Jagjit Singh & Anr., AIR 1995 SC 705; Yogesh Kumar & Ors. v. Government of NCT Delhi & Ors., AIR 2003 SC 1241; M/s Anand Buttons Ltd. etc. v. State of Haryana & Ors., AIR 2005 SC 565; K.K. Bhalla v. State of M.P. & Ors., AIR 2006 SC 898; Maharaj Krishan Bhatt & Anr. v. State of Jammu & Kashmir & Ors., (2008) 9 SCC 24; State Of Bihar vs Upendra Narayan Singh & Ors (2009 (5) SCC 65) എന്നീ വിധികളിൽ

"where in law, a writ petitioner has not established a right or is not entitled to relief, the fact that a similarly situated person has been illegally granted relief, is not a ground to direct similar relief to him. That would be enforcing a negative equality by perpetuation of an illegality which is impermissible in law."

ഇപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സാഹചര്യങ്ങളിൽ ചട്ട വിരുദ്ധമായി അനുവദിച്ച ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ല.

5. നിയമസഭാ സെക്രട്ടേറിയറ്റ്, ധനകാര്യ സെക്രട്ടേറിയറ്റ്, പൊതുഭരണ സെക്രട്ടേറിയറ്റ്, ചരക്കു സേവന നികുതി വകുപ്പ്, മുനിസിഫൽ കോമൺ സർവീസ് എന്നിവിടങ്ങളിലെ നിയമ ബിരുദമുള്ള ജീവനക്കാർ അവരുടെ ബാർ പ്രാക്ടീസ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്ന് കാണിച്ച് ധാരാളം നിവേദനങ്ങൾ സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. ബാർ പ്രാക്ടീസ് നിർബന്ധമല്ലാത്തതും എന്നാൽ നിയമ ബിരുദം യോഗ്യതയുള്ളതുമായ ലീഗൽ അസ്സിസ്റ്റന്റുമാർക്കു ചട്ടത്തിന്റെ പിൻബലമില്ലാതെ ബാർ പ്രാക്ടീസ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്ന സാഹചര്യത്തിൽ മറ്റു വകുപ്പുകളിൽ നിയമ ബിരുദം യോഗ്യതയുള്ള തസ്തികകളിൽ ജോലിക്ക് പ്രവേശിച്ചവരുടെ ബാർ പ്രാക്ടീസ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതായി വരും. അത് കൂടുതൽ കോടതി വ്യവഹാരങ്ങൾക്ക് ഇടയാക്കും.

6. മേൽസാഹചര്യത്തിൽ സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റായി പ്രവേശിച്ചവരുടെ ബാർ പ്രാക്ടീസ് കാലാവധി പെൻഷൻ ആനുകൂല്യങ്ങൾക്ക് യോഗ്യ സേവനകാലയളവായി കണക്കാക്കുവാൻ കെ എസ് ആർ പാർട്ട് III ചട്ടം 25(a) പ്രകാരം അർഹതയില്ല എന്ന് ഉത്തരവാകുന്നു. കൂടാതെ 05.06.2009 ലെ സ.ഉ.(കൈ)നം.70/09/നിയമം എന്ന ഉത്തരവ് അടിയന്തരമായി റദ്ദ് ചെയ്യേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സഞ്ജീവ് കൗശിക് ഐ.എ.എസ്**

**ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി (വ്യയം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി/ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി.
പൊതു ഭരണ (എസ്.സി) വകുപ്പ് (10.07.2019 ലെ 3174 നം. മന്ത്രിസഭാ തീരുമാനം).
നിയമ (ഭരണ- 1 )വകുപ്പ് (ഫയൽ നം.14911/ഭരണ(1)2017/നിയമം)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (Computer No: 211 , File No: PEN-B3/1/2014-FIN)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-07-2019

ഫയൽ നം.പെൻ-പി3/1/2014-ധന (ഇ-211) ഇനം നം: 3174

വിഷയം : ധനകാര്യ വകുപ്പ് - 01.04.2013-ന് മുമ്പ് നേരിട്ട് ലീഗൽ അസിസ്റ്റന്റായി നിയമ വകുപ്പിൽ പ്രവേശിച്ചവരുടെ ബാർ പ്രാക്ടീസ് കാലയളവ് പെൻഷന് കണക്കാക്കണമെന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം 1. അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

11/7/19

AS (PEN)

3174

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | പെൻ-ബി3/1/2014 -ധന (ഇ-211) |
| 2 | വകുപ്പ് | ധനകാര്യ വകുപ്പ് |
| 3 | വിഷയം | 01.04.2013 ന് മുൻപ് നേരിട്ട് ലീഗൽ അസിസ്റ്റന്റായി നിയമ വകുപ്പിൽ പ്രവേശിച്ചവരുടെ ബാർ പ്രാക്ടീസ് കാലയളവ് പെൻഷന് കണക്കാക്കണമെന്നതു സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 22/02/2019 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. കെ. രാജശ്രീ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. മനോജ് ജോഷി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29/06/2019 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05/07/2019 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ. ടി.എം. തോമസ് ഐസക്ക് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 08/07/2019 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 09/07/2019 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

01.04.2013 ന മുൻപ് നേരിട്ട് ലീഗൽ അസിസ്റ്റന്റായി നിയമ വകുപ്പിൽ പ്രവേശിച്ചവരുടെ ബാർ പ്രാക്ടീസ് കാലയളവ് പെൻഷന് കണക്കാക്കണമെന്നതാണ് കുറിപ്പിലെ വിഷയം.

05.06.2009-ലെ G.O(Ms)No.70/09/Law പ്രകാരം 23.04.1997-ന മുൻപ് സർവീസിൽ പ്രവേശിച്ച 25 ലീഗൽ അസ്സിസ്റ്റന്റുമാരുടെ 10 വർഷത്തെ ബാർ പ്രാക്ടീസ് പെൻഷൻ ആനുകൂല്യങ്ങൾക്കായി കണക്കാക്കി നിയമ വകുപ്പ് ഉത്തരവായി. തുടർന്ന് നിയമ വകുപ്പിൽ നിന്നും വിരമിച്ച അഡീഷണൽ സെക്രട്ടറി ശ്രീ. ജെറാൽഡ് ഫയൽ ചെയ്ത Complaint No. 860/2010 ൽ ബഹു. ലോകായുക്തയുടെ 25.03.2011 ലെ ഉത്തരവിൽ ടിയാന്റെ ബാർ പ്രാക്ടീസ് കാലാവധി കൂടി പെൻഷന് കണക്കാക്കാൻ ഉത്തരവായി. ആയതിന്മേൽ ധന വകുപ്പിന്റെ അഭിപ്രായം ആരായുകയും 01.04.2013-ന മുൻപ് സർവീസിൽ ജോയിൻ ചെയ്ത ലീഗൽ അസ്സിസ്റ്റന്റുമാരുടെ 5 വർഷത്തെ ബാർ പ്രാക്ടീസ് കാലാവധി കൂടി പെൻഷന് കണക്കാക്കാൻ ബഹു. ധന നിയമ വകുപ്പ് മന്ത്രി ഉത്തരവായി. ടി ഉത്തരവിലെ അഞ്ചു വർഷം എന്നത് 10 വർഷം എന്നാക്കി മാറ്റണമെന്ന നിയമ വകുപ്പിലെ വിവിധ അസോസിയേഷനുകളുടെ അഭ്യർത്ഥന പ്രകാരം ഫയൽ ധനവകുപ്പിന് വീണ്ടും ലഭ്യമാക്കുകയും പെൻഷൻ സെക്ഷൻ പ്രസ്തുത പ്രൊപോസൽ പരിശോധിക്കുകയും പ്രൊപോസൽ നിരസിക്കുകയും G.O(Ms) No.70/09/Law ഉത്തരവ് റദ്ദ് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു.

ബാറിൽ എൻറോൾ ചെയ്തിരിക്കുന്നതും ബാർ പ്രാക്ടീസും വ്യത്യസ്ത വ്യവസ്ഥകളല്ല, ഒന്ന് തന്നെയാണെന്നും 1967 മുതൽ നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റായി ഉദ്യോഗത്തിൽ പ്രവേശിക്കുന്നവർക്കു ബാർ പ്രാക്ടീസും പെൻഷൻ യോഗ്യതകാലമായി കണക്കാക്കിയിരുന്നുവെന്നും, കാലങ്ങളായി നൽകി വരുന്ന ആനുകൂല്യം നിർത്തലാക്കുന്നത് ചട്ടങ്ങളുടെ ലംഘനമാണെന്നും നിയമ വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നു. ബാർ പ്രാക്ടീസ് പെൻഷന് കണക്കാക്കണമെന്നു കെ.എസ്.ആർ-ൽ കാലാകാലമായി നിലനിൽക്കുന്ന വ്യവസ്ഥയുള്ളതിനാൽ പെൻഷൻ ആനുകൂല്യം നിഷേധിക്കുന്നത് നിയമപരമല്ലായെന്നും ഇവർ ജോലിയിൽ പ്രവേശിക്കുമ്പോൾ നിലവിലുണ്ടായിരുന്ന ആനുകൂല്യം ഏകപക്ഷീയമായി നിർത്തലാക്കുന്നത് ശരിയല്ലാത്തതിനാൽ ഈ വിഭാഗം ജീവനക്കാർ സർവീസിൽ നിന്നും വിരമിക്കുന്നത് വരെ ഇതേ സ്ഥിതി തുടരുന്നതാണ് അഭികാമ്യം എന്നും ബഹു. പട്ടികജാതി, പട്ടിക വർഗ വിഭാഗ വികസന, നിയമ സാംസ്കാരിക പാർലമെന്ററി വകുപ്പ് മന്ത്രി

ഉത്തരവിട്ടുകയുണ്ടായി. തുടർന്ന് ഫയൽ ബഹു. മുഖ്യമന്ത്രി മുൻപാകെ സമർപ്പിക്കുകയും പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ 01.4.2013-നു മുൻപ് സർവീസിൽ പ്രവേശിച്ചവരുടെ പരമാവധി 10 വർഷം വരെയുള്ള ബാർ പ്രാക്ടീസ് കാലാവധി പെൻഷന് കണക്കാക്കാം എന്നും ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ കരട് ഉത്തരവ് ധനവകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിക്കുകയുണ്ടായി.

കെ എസ് ആർ പാർട്ട് III ചട്ടം 25(a) പ്രകാരം സർക്കാർ സർവീസിലെ നിയമനകൾക്കു ഇരുപത്തിയഞ്ച് വയസ്സിനു ശേഷം ബാറിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്കു അധിവർഷ പെൻഷന്റെ യോഗ്യതയിലേക്കായി പത്തു വർഷം കവിയാത്ത ബാർ പ്രാക്ടീസ് കാലയളവ് കൂടി പെൻഷന് പരിഗണിക്കുന്നതാണ്. ഈ ആനുകൂല്യം **ബാർ പ്രാക്ടീസിൽ ഏർപ്പെട്ടിരിക്കുമ്പോൾ നിയമ യോഗ്യതയും ബാർ പ്രാക്ടീസും, ആവശ്യമുള്ള തസ്തികയിലേക്ക് തിരഞ്ഞെടുക്കപെടുന്നവർക്കു മാത്രമേ ലഭിക്കുകയുള്ളു.** ലീഗൽ അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത എന്നത് നിയമ ബിരുദവും ബാർ എൻറോൾമെന്റുമാണ്. ടി തസ്തികക്ക് ബാർ പ്രാക്ടീസ് നിർബന്ധമല്ല. അതിനാലാണ് തസ്തിക മാറ്റം വഴി താഴ്ന്ന സ്കെയിലിലെ ജീവനക്കാരിൽ നിന്നും മേൽപ്പടി യോഗ്യതയുള്ളവരെ ലീഗൽ അസിസ്റ്റന്റ് ആയി നിയമിക്കുന്നത്. എന്നാൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയ്ക്ക് നിയമ ബിരുദവും 3 വർഷത്തിൽ കുറയാത്ത ബാർ പ്രാക്ടീസും ആണ് യോഗ്യത. ഇവരെ ബാറിൽ നിന്നും നേരിട്ടാണ് നിയമിക്കുന്നത്. ഇപ്രകാരമുള്ളവർക്കു കെ എസ് ആർ പാർട്ട് III ചട്ടം 25(a) ലെ നിബന്ധനകൾക്ക് വിധേയമായി പത്തു വർഷം കവിയാത്ത ബാർ പ്രാക്ടീസ് കാലയളവ് കൂടി പെൻഷന് പരിഗണിക്കുന്നതാണ്. ആയതിനാൽ തന്നെ അനർഹരായവർക്കു ആനുകൂല്യങ്ങൾ നൽകിയാൽ അത് പെൻഷൻ ചട്ടങ്ങളുടെ പ്രസക്തി തന്നെ ഇല്ലാതാക്കും. ബഹു. സുപ്രീം കോടതിയുടെ Chandigarh Administration & Anr v. Jagjit Singh & Anr., AIR 1995 SC 705;Yogesh Kumar & Ors. v. Government of NCT Delhi & Ors., AIR 2003 SC 1241; M/s Anand Buttons Ltd. etc. v. State of Haryana & Ors., AIR 2005 SC 565; K.K. Bhalla v. State of M.P. & Ors., AIR 2006 SC 898; Maharaj Krishan Bhatt & Anr. v. State of Jammu & Kashmir & Ors., (2008) 9 SCC 24; State Of Bihar vs Upendra Narayan Singh & Ors (2009 (5) SCC 65) എന്നീ വിധികളിൽ

"where in law, a writ petitioner has not established a right or is not entitled to relief, the fact that a similarly situated person has been illegally granted relief, is not a

ground to direct similar relief to him. That would be enforcing a negative equality by perpetuation of an illegality which is impermissible in law."

അതായതു ചട്ട വിരുദ്ധമായി ലഭിച്ച വന്ന ആനുകൂല്യങ്ങൾ ലഭിക്കണമെന്ന അവകാശ വാദം അംഗീകരിക്കാനാകില്ല. ലീഗൽ അസ്സിസ്റ്റന്റ്മാർക്കു കാലാകാലങ്ങളായി നൽകി വന്ന ആനുകൂല്യം ചട്ട വിരുദ്ധമാണ്. ആയതിനാൽ ഇവരുടെ ബാർ പ്രാക്ടീസ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിച്ചാൽ അത് കെ.എസ്.ആറിലെ ഭാഗം 3-ലെ നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധമാകും.

WP(C) No.22254/2010 ലെ 13.12.2012 ലെ വിധിന്യായത്തിനെതിരെ കേരള സർക്കാർ ഫയൽ ചെയ്ത WA നമ്പർ 1113 ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഡിവിഷൻ ബെഞ്ചിന്റെ ഇടക്കാല ഉത്തരവിൽ, ചില ഉദ്യോഗസ്ഥർക്ക് ആനുകൂല്യങ്ങൾ ഒരു 'പ്രത്യേക കേസായി' നൽകുന്നതു എന്തടിസ്ഥാനത്തിലാണ് എന്ന് ചോദ്യം ചെയ്യുകയുണ്ടായി. ആയതിന്മേൽ ധന വകുപ്പ് പ്രത്യേക കേസായി നൽകിയ ആനുകൂല്യം റദ്ദാക്കേണ്ടി വന്നു.

നിയമസഭാ സെക്രട്ടേറിയറ്റ്, ധനകാര്യ വകുപ്പ്, പൊതുഭരണ വകുപ്പ്, ചരക്ക സേവന നികുതി വകുപ്പ്, മുനിസിഫൽ കോമൺ സർവീസ് എന്നിവിടങ്ങളിലെ നിയമ ബിരുദമുള്ള ജീവനക്കാർ അവരുടെ ബാർ പ്രാക്ടീസ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കാണമെന്ന് കാണിച്ച് ധാരാളം നിവേദനനങ്ങൾ സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. ബാർ പ്രാക്ടീസ് നിർബന്ധമല്ലാത്തതും എന്നാൽ നിയമ ബിരുദം യോഗ്യതയുള്ളതുമായ ലീഗൽ അസ്സിസ്റ്റന്റ്മാർക്കു ചട്ടത്തിന്റെ പിൻബലമില്ലാതെ ബാർ പ്രാക്ടീസ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്ന സാഹചര്യത്തിൽ മറ്റു വകുപ്പുകളിൽ നിയമ ബിരുദം യോഗ്യതയുള്ള തസ്തികകളിൽ ജോലിക്ക് പ്രവേശിച്ചവരുടെ ബാർ പ്രാക്ടീസ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്നാണ് ആവശ്യം. കെ.എസ്.ആറിലെ ഭാഗം 3 ചട്ടം 25(a) പ്രകാരം ലീഗൽ അസ്സിസ്റ്റന്റ്മാർക്കു പ്രസ്തുത ആനുകൂല്യം അനുവദിക്കുവാൻ കഴിയാത്ത സാഹചര്യത്തിലും ചട്ടപ്രകാരമല്ലാതെ ടി ആനുകൂല്യം അനുവദിച്ച GO(MS)No.70/09/Law dtd 05/06/2009 എന്ന ഉത്തരവ് റദ്ദ് ചെയ്യുവാൻ നിർദ്ദേശം നൽകിയ സാഹചര്യത്തിലും ടി നിവേദങ്ങൾ നിരസിക്കുകയാണ് ചെയ്യുത്. പ്രത്യേക പരിഗണനയുടെയോ മാനുഷിക പരിഗണനയുടെയോ പേരിൽ ആനുകൂല്യങ്ങൾ നൽകിയാൽ അത് മോശമായ കീഴ് വഴക്കമായി കണക്കാക്കി സമാന ആൾക്കാർക്കെല്ലാം ഈ ആനുകൂല്യം നൽകേണ്ടതായി വരും.

മാത്രവുമല്ല, തീർപ്പാക്കിയ നിരവധി കേസുകൾ പുനഃ പരിശോധിക്കേണ്ടതായി വരും. ഇത് പെൻഷൻ റൂളുകളുടെ പ്രസക്തി തന്നെ ഇല്ലാതാക്കുകയും ചെയ്യും.

ഈ സാഹചര്യത്തിൽ 01.04.2013 ന മുൻപ് നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റായി നേരിട്ട് സർവീസിൽ പ്രവേശിച്ചവരുടെ പരമാവധി 10 വർഷം വരെയുള്ള ബാർ പ്രാക്ടീസ് കാലാവധി പെൻഷന് പരിഗണിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത വിഷയം ബഹു. മന്ത്രി സഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

## തീരുമാനമെടുക്കേണ്ട സംഗതി

കെ എസ് ആർ പാർട്ട് III ചട്ടം 25(a) യുടെ ആനുകൂല്യത്തിന് ലീഗൽ അസ്സിസ്റ്റന്റുമാർക്കു അർഹതയില്ലാത്തതിനാൽ ലീഗൽ അസിസ്റ്റന്റായി നേരിട്ട് സർവീസിൽ പ്രവേശിച്ചവരുടെ പരമാവധി 10 വർഷം വരെയുള്ള ബാർ പ്രാക്ടീസ് കാലാവധി പെൻഷന് പരിഗണിക്കേണ്ടതില്ലയെന്ന ധനകാര്യ വകുപ്പിന്റെ മുൻ തീരുമാനത്തിലും നിലവിലുള്ള ചട്ടങ്ങളിലും ഉറച്ച് നിൽക്കാവുന്നതാണോ ?

അല്ലെങ്കിൽ

പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ 01.04.2013-ന മുൻപ് സർവ്വീസിൽ പ്രവേശിച്ചവരുടെ പരമാവധി 10 വർഷം വരെയുള്ള ബാർ പ്രാക്ടീസ് കാലാവധി പെൻഷന് കണക്കാക്കാവുന്നതാണോ?